"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ല - ചീക്കോട് ഗ്രാമ പഞ്ചായത്ത് മുൻ അക്കൗണ്ടന്റ് ശ്രീ.അബ്ദുൾ ഗഫൂർ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1341/2021/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 16/07/2021

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 04/10/2018 ലെ ഡി4-4497/17 നമ്പർ ഉത്തരവ്

2 ശ്രീ. ടി. അബ്ദുൾ ഗഫൂറിന്റെ 14/11/2018 ലെ അപ്പീൽ അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 29/10/2019 ലെ ഡി4-4497/17 നമ്പർ റിപ്പോർട്ട്.

ഉത്തരവ്

മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റായി സേവനമനുഷ്ഠിച്ചിരുന്നപ്പോൾ പഞ്ചായത്ത് ഓഫീസിലെ 27.08.2016 ലെ ഓഫീസ് കളക്ഷൻ തുകയായ 14051/- രൂപ യഥാസമയം പഞ്ചായത്ത് ഫണ്ടിൽ അടവാക്കാതെ 31 ദിവസം അനധികൃതമായി കൈവശം സൂക്ഷിച്ച താൽക്കാലിക ധനാപഹരണം നടത്തിയെന്നും ഓഫീസ് കളക്ഷൻ തുക കൃത്യമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാതെ പ്രസ്തുത തുക അടവാക്കിയത് സംബന്ധിച്ച് സാംഖ്യയിൽ കോൺട്ര എൻട്രി വരുത്തിയതായും കാണിച്ച് ശ്രീ. ടി. അബ്ദുൾ ഗഫൂറിനെതിരെ പഞ്ചായത്ത് ഡയറക്ടർ ആരംഭിച്ച അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ടിയാൻ പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിച്ചിരുന്നു. അപ്പീൽ അപേക്ഷയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

ശ്രീ. ടി. അബ്ദുൾ ഗഫൂറിന്റെ അപ്പീൽ അപേക്ഷയിൽ ചുവടെ കുറിക്കുന്ന വസ്തുതകൾ സൂചിപ്പിച്ചിട്ടുണ്ട്. ടിയാൻ ചീക്കോട് ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റായി സേവനമനുഷ്ഠിച്ചിരുന്നപ്പോൾ പഞ്ചായത്ത് ഓഫീസിലെ 27.08.2016 ലെ ഓഫീസ് കളക്ഷൻ തുകയായ 14051/- രൂപ യഥാസമയം പഞ്ചായത്ത് ഫണ്ടിൽ അടവാക്കാതെ 31 ദിവസം അനധികൃതമായി കൈവശം സൂക്ഷിച്ച താൽക്കാലിക ധനാപഹരണം നടത്തിയെന്നും ഓഫീസ് കളക്ഷൻ തുക കൃത്യമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാതെ പ്രസ്തുത തുക അടവാക്കിയത് സംബന്ധിച്ച് സാംഖ്യയിൽ കോൺട്ര എൻട്രി വരുത്തിയതായും കാണിച്ച് പഞ്ചായത്ത് ഡയറക്ടർ ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു കൊണ്ട് ഉത്തരവ് പ്രകാരം

ഉത്തരവിരുന്നു എന്നും എന്നാൽ ഇതേ കുറ്റത്തിന് മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 7.12.16 ലെ സാധാരണ യോഗത്തിലെ 3 ാം നമ്പർ തീരുമാനപ്രകാരം 1997 ലെ കേരളം പഞ്ചായത്ത് രാജ് ( ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങളിലെ ചട്ടം 5(6) പ്രകാരം ശിക്ഷ നടപ്പിലാക്കിയിരുന്നു എന്നും ആയതിനാൽ ഒരേ കുറ്റത്തിന് രണ്ടു തവണ ശിക്ഷാവിധി നടപ്പിലാക്കിയതിനാലും, നേർ വിചാരണ ആവശ്യപ്പെട്ടിട്ടും ആയതു അനുവദിക്കാതെയും ഇതേ കുറ്റത്തിന് വേറെയും കുറ്റാരോപിതർ ഉണ്ടായിരുന്നിട്ടും കാഷ്യർക്കും അക്കൗണ്ടിനെതിരെയും മാത്രം ശിക്ഷ നടപ്പിലാക്കി സാമാന്യ നീതി നിഷേധിച്ചതിനാലും ടിയാനെതിരെ നടപ്പിലാക്കിയ പഞ്ചായത്ത് ഡയറക്ടറുടെ 4.10.2018 ലെ ഡി4-4497/17 നമ്പർ ഉത്തരവ് ദുർബലപ്പെടുത്തി ഉത്തരവ് ഉണ്ടാകണമെന്ന് അപ്പീൽ അപേക്ഷയിൽ അറിയിക്കുകയുണ്ടായി. .

2015-16 വർഷത്തെ S.F.C സ്റ്റേറ്റ്മെന്റുകൾ സമർപ്പിക്കൽ, ഹെഡ് ക്ലർക്കിന്റെ അധിക ചുമതല, 2013-14, 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളുടെ മറുപടി തയ്യാറാക്കൽ തുടങ്ങിയ തിരക്കിട്ട ജോലികളിൽ മുഴുകിയത് കാരണം 2016 ഓഗസ്റ്റ് മാസത്തെ ബാങ്ക് അക്കൗണ്ടുകൾ സെപ്റ്റംബർ മാസത്തിൽ റീകൺസിലേഷൻ നടത്താൻ കഴിയാത്തതു മൂലമാണ് മേൽ പിശക് സംഭവിച്ചു പോയത് എന്നും പണാപഹരണം ബോധപൂർവ്വമല്ല എന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൈക്കൊണ്ട് നടപടി അവസാനിപ്പിച്ച ശേഷം അതേ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ അച്ചടക്കനടപടി സ്വീകരിച്ച് പുറപ്പെടുവിച്ച ഉത്തരവ് റദ്ദുചെയ്യണമെന്ന വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 180(2) പ്രകാരം പഞ്ചായത്ത് ജീവനക്കാരുടെ നിയന്ത്രണാധികാരി പഞ്ചായത്തായിരിക്കുന്നതും 1997-ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ജീവനക്കാർക്കെതിരെ minor penalties ചുമത്തുന്നതിനുള്ള അധികാരം പഞ്ചായത്തിൽ നിക്ഷിപ്തവുമാണ്. ഒരു കുറ്റത്തിന് പഞ്ചായത്ത് ജീവനക്കാരന് മേൽ പഞ്ചായത്ത് സ്വീകരിച്ച അച്ചടക്ക നടപടിയിൽ പഞ്ചായത്ത് ഡയറക്ടർക്കും അതേ കുറ്റത്തിന് പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടിയ്ക്ക് മേൽ പഞ്ചായത്തിനും വീണ്ടും അച്ചടക്ക നടപടി സ്വീകരിക്കാൻ കഴിയാത്തതാണ്. ആയതിനാൽ മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമ പഞ്ചായത്തിൽ അക്കൗണ്ടന്റായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിലെ കുറ്റകൃത്യത്തിന് ശ്രീ. അബ്ദുൾ ഗഫൂറിനെതിരെ പഞ്ചായത്ത് സ്വീകരിച്ച് തീർപ്പാക്കിയ അച്ചടക്ക നടപടിയിൽ മേൽ പഞ്ചായത്ത് ഡയറക്ടർക്ക് വീണ്ടും അച്ചടക്ക നടപടി ആരംഭിക്കാൻ കഴിയാത്തതും അപ്രകാരം പുറപ്പെടുവിച്ച ഉത്തരവ് നിയമപരമായി നിലനിൽക്കുന്നതല്ല എന്നും കാണുന്നു.

മേൽ സാഹചര്യത്തിൽ ചീക്കോട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 7.12.16 ലെ സാധാരണ യോഗത്തിലെ 3 ാം നമ്പർ തീരുമാനപ്രകാരം 1997 ലെ കേരളം പഞ്ചായത്ത് രാജ് ( ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങളിലെ ചട്ടം 5(6) പ്രകാരം ശിക്ഷ നടപ്പിലാക്കിയിരുന്നു എന്നത് പരിഗണിച്ചും നേർവിചാരണ ആവശ്യപ്പെട്ടിട്ടും ആയതു അനുവദിക്കാതെയും ഇതേ കുറ്റത്തിൽ വേറെയും കുറ്റാരോപിതർ ഉണ്ടായിരുന്നിട്ടും കാഷ്യർക്കും അക്കൗണ്ടിനെതിരെയും മാത്രം ശിക്ഷ നടപ്പിലാക്കി സാമാന്യ നീതി നിഷേധിച്ചതിനാലും ചീക്കോട് ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റായിരുന്ന ശ്രീ അബ്ദുൾ ഗഫൂർ- ന് എതിരെ സ്വീകരിച്ച പഞ്ചായത്ത് ഡയറക്ടറുടെ നടപടി ക്രമവിരുദ്ധമായതിനാലും പഞ്ചായത്ത് ഡയറക്ടറുടെ 4.10.2018 ലെ ഡി4-4497/17 നമ്പർ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ

**File No.LSGD-EPB3/4/2019-LSGD**

തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യൂ

അഡിഷണൽ സെക്രട്ടറി

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. അബ്ദുൾ ഗഫൂർ, അക്കൗണ്ടന്റ്, മാവൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/4/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by Sudheer S S
Date: 16-07-2021 11:39:48
Reason: Approved

സെക്ഷൻ ഓഫീസർ